Kerala Infrastructure and Technology for Education

# ഇതളുകൾ



## ടി കെ എം ആർ എം  വിഎച്ച് എസ് എസ്
## വല്ലന

# ഇതളുകൾ

## ഡിജിറ്റൽ മാഗസിൻ

## ടി കെ എം ആർ എം വിഎച്ച് എസ് എസ് വല്ലന

# LK/2018/37005

# എഡിറ്റോറിയൽ

സവിശേഷതകളേറെയുള്ള ഒരു അദ്ധ്യയനവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ് നാം. ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം കാര്യക്ഷമമാക്കാൻ വേണ്ടി ക്ലാസ് മുറികൾ ഹൈടെക് ആക്കിയിരിക്കുന്നു, അതോടൊപ്പം തന്നെ ഓരോ സ്കൂളിലും ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കിയിരിക്കുന്നു .ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യം സാധിക്കുന്നതിനാണ് ഇത്രയും ശക്തമായ സംവിധാനം ഗവണ്മെന്റ് ഒരുക്കിയിരിക്കുന്നത് .അതിർവരമ്പുകളില്ലാത്ത നൂതന സാങ്കേതിക വിദ്യയുടെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്താൻ ഗവണ്മെന്റ് ആവിഷ്കരിച്ച കർമ്മപരിപാടി അതിന്റെ എല്ലാ അർത്ഥത്തിലും മുന്നേറുകയാണ് .അതിനായി എല്ലാ കുട്ടികളും പ്രാപ്തരാകും എന്ന പ്രതീക്ഷയോടെ.

# എഡിറ്റോറിയൽ ബോർഡ്

ശ്രീമതി അജു മുഹമ്മദ് [ഹെഡ്മിസ്ട്രസ്സ്]

ശ്രീമതി വിജയഗീത [സ്റ്റാഫ് സെക്രട്ടറി]

ശ്രീമതി ജെസി ചെറിയാൻ[എസ് ഐ റ്റി സി,കൈറ്റ് മിസ്ട്രസ്റ്റ്]

ശ്രീമതി പ്രിയ പി ജെ [ജോയിന്റ് എസ് ഐ റ്റി സി ]

ശ്രീമതി വിജയഗീത[കൈറ്റ് മിസ്ട്രസ്റ്റ്]

സമിതി അംഗങ്ങൾ

ശ്രീമതി പ്രിയ പി ജി

ശ്രീമതി ജയ ബി

ആരോമൽ ബി

ഡെന്ന മറിയം ഷാജി

പ്രെയ്സി

ദേവിപ്രിയ

സീതാ ലക്ഷ്മി

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) പദ്ധതി രാജ്യത്തെ ഏറ്റവും വലിയ ഐടി കൂട്ടായ്മയാണ്. "ലിറ്റിൽ കൈറ്റ്സ്" ക്ലബംഗങ്ങളായിട്ടുള്ള ഈ സ്കൂളിലെ 9-ാംസ്റ്റാൻഡിൽ പഠിക്കുന്ന 20 അംഗങ്ങളായ കൂട്ടായ്മയ്ക്ക് മാസത്തിൽ നാലു മണിക്കൂർ വീതം കൈറ്റ് മിസ്ട്രസ്സുമാരായ ശ്രീമതി ജെസി ചെറിയാൻ, ശ്രീമതി വിജയ ഗീതാ എം ബി എന്നിവർ ഐ ടി പരിശീലനം ഉറപ്പാക്കുന്നു. സ്കൂളിലെ ഹാർഡ് വെയർ പരിപാലനം, രക്ഷകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത, ഏകജാലകം ഹെൽപ് ഡെസ്ക്, ഡിജിറ്റൽ മാപ്പിംഗ്, സൈബർ സുരക്ഷാപരിശോധനയും, ബോധവൽക്കരണവും,സ്കൂൾ വിക്കി വിവരങ്ങൾ ചേർക്കൽ ഇവ ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്നു വരുന്നു എന്നത് ഈ സ്കൂളിന് അഭിമാനകരമാണ്. പത്തനംതിട്ട ജില്ലയിലെ ഉൾനാടൻ പ്രദേശമായ വല്ലന എന്ന കൊച്ചു ഗ്രാമത്തിൽ വേണ്ടുന്ന കൈത്താങ്ങുകളും കരുതലുകളും സൗകര്യങ്ങളും തരുന്ന പൊതു വിദ്യാഭാസ വകുപ്പ് എന്തുകൊണ്ടും അഭിനന്ദനം അർഹിക്കുന്നു . പൊതു വദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗവാക്കായി ഈ കുരുന്നുകൾ മാറുന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു.

മാനേജർ

അൻവർ മുഹമ്മദ്



i

# ആശംസകൾ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ കൂട്ടായ്മ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങൾ പൊതുസമൂഹത്തിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്ന ഈ മുഹൂർത്തത്തിൽ വല്ലന ടി കെ എം ആർ എം വി എച്ച് എസ് എസ് ലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സർഗ്ഗസൃഷ്ടിക്കൾക്ക് ഇടം നൽകുന്ന "ഇതളുകൾ " എന്ന ഡിജിറ്റൽ മാഗസീൻ നിങ്ങൾക്ക് മുന്നിൽ ചിട്ടപ്പെടുത്തുവാൻ നടത്തുന്ന ഈ എളിയ ശ്രമം പ്രത്യാശയോടെ സമർപ്പിക്കുന്നു.

ആശംസകളോടെ

പ്രിൻസിപ്പാൾ
അജ്ഞ മുഹമ്മദ്

# താളുകൾമറിക്കുമ്പോൾ


| തലക്കെട്ട് | പേജ് |
|---|---|
| കുട്ടികളുടെ അവകാശങ്ങൾ | 8 |
| സ്കൂൾ പാർലമെന്റ് | 9 |
| സഖി | 10 |
| കടങ്കഥകൾ | 11 |
| നവകേരള നിർമിതി | 12-14 |
| സൈബർ സുരക്ഷ | 15 |
| ആകാശഗംഗ | 16 |
| മഴ | 17 |
| ലഹരി മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ | 18-19 |
| പഴഞ്ചൊല്ലുകൾ | 20 |
| പ്രകൃതി | 21-22 |
| മഹത് വചനം | 23 |
| വൈദ്യുതി ഉപയോഗിക്കുമ്പോൾ | 24 |
| പുകയില പ്രതിരോധിക്കാം | 25 |
| വിദ്യാധനം സർവധനാൽ പ്രധാനം | 26 |
| നന്ദി | 27 |

# കുട്ടികളുടെ അവകാശങ്ങൾ

.സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം

.അതിജീവനത്തിനും പൂർണവികാസത്തിനുമുള്ള അവകാശം

.ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം

.പങ്കാളിത്തത്തിനുള്ള അവകാശം

.ബാലവേലയിൽ നിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം

.ശൈശവവിവാഹത്തിൽനിന്നുമുള്ള സംക്ഷണം

.കളിക്കാനും പഠിക്കാനുമുള്ള അവകാശം

.അവഗണകളിൽ  നിന്നുള്ള സംരക്ഷണം

# നമ്മുടെ ചില ഉത്തരവാദിത്വങ്ങൾ

സ്കൂൾ,പൊതുസംവിധാനങ്ങൾ സംരക്ഷിക്കുക
സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക
അധ്യാപകരേയും മാതാപിതാക്കളേയും ബഹുമാനിക്കണം
ജാതി-മത-വർഗ-വർണചിന്തകൾക്കതീതമായിമറ്റുള്ളവരെ ബഹുമാനിക്കണം

# സ്കൂൾ പാർലമെൻറ്

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന പേരാണ് ഇന്ത്യയ്ക്കുള്ളത്. ജനാധിപത്യം എന്നാൽ ജനങ്ങളുടെ ആധിപത്യം എന്നതന്നെയാണ് അർത്ഥം. അതായത് ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ ജനങ്ങൾക്കായി ഭരണം നടത്തുന്നു. ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യസ്വാതന്ത്ര്യം നേടിയനാൾ മുതലെ ഈ ജനാധിപത്യ സംവിധാനമാണ് ഇവിടെ നിലനിൽക്കുന്നത്.നമ്മുടെ ജനാധിപത്യ രീതികളെക്കുറിച്ചും അതിന്റെ മഹത്ത്വങ്ങളെക്കുറിച്ചും ഭാവിതലമുറയെക്കൂടി ബോധ്യപ്പെടുത്തണം എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്കൂളുകളിൽ പാർലമെന്റ രൂപവൽക്കരിക്കാൻ തീരുമാനിച്ചത് അതായത് ഒരു കൊച്ചു പാർലമെന്റ് കേരളത്തിലെയും മറ്റും പല സംസ്ഥാനങ്ങളിലെയും സ്കൂളുകളിൽ രൂപമെടുക്കുന്നു. സ്കൂൾ പാർലമെന്റുകളിൽക്കൂടി നേടുന്ന പ്രായോഗിക പരിശീലനം ഭാവിയിൽ കുട്ടികൾക്കു വളരെ പ്രയോജനപ്പെടും. കുട്ടികളിൽ ജനാധിപത്യ വിശ്വാസവും പൗരബോധവും ഇതുവളർത്തിയെടുക്കും സ്കൂൾ പാർലമെന്റുകളിൽ വിജയിച്ച പല വ്യക്തിക്കളും ഭാവിയിൽ ദേശീയരംഗത്തുതന്നെ മികവുതെളിയിച്ച രാഷ്ട്രീയ നേതാക്കളായും മറ്റും മാറിയ കഥകൾ എത്രവേണമെങ്കിലും ഉണ്ട് ചുരുക്കം ചില സ്കൂളുകളിൽ മാത്രമാണ് പാർലമെന്റുകൾ നന്നായി പ്രവർത്തിക്കുന്നത്. പലയിടങ്ങളിലും തെരഞ്ഞെടുപ്പിന്റെ വാശിയും വീറുംകുറയുന്നതോടെ പാർലമെന്റിന്റെ കാര്യംതന്നെ ശ്രദ്ധിക്കുന്നില്ല. ഉദ്ഘാടന ചടങ്ങുകൾക്ക് അപ്പുറമായി ഒന്നും നടക്കാറില്ല. സ്കൂൾ പാർലമെന്റ് എന്താണ് അത് ഏതു ലക്ഷ്യത്തോടെയാണ് തുടങ്ങിയത് തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്തിയ ശേഷമായിരിക്കണം അതിൽ അംഗമാകാനും നേതാവാകാനുമൊക്കെ ശ്രമിക്കേണ്ടത്. വിദ്യാർത്ഥികളിൽ ജനാധിപത്യബോധവും ഭരണതന്ത്രജ്ഞതയും വളത്തിയെടുത്ത് നാളെ നമ്മുടെ നാടിന്റെ നന്മയ്ക്കു പ്രയോജനപ്പെടുത്തുക എന്നതാണ് സ്കൂൾ പാർലമെന്റിന്റെ അന്തിമമായ ലക്ഷ്യം..

# സഖി

പ്രവാഹമാണ് നീ
ഊർജ്ജമാണ് നീ
നിലക്കാത്ത ചാലകശക്തി
ജ്വലിക്കുന്ന കനലാണ് നീ
ചാരം മൂടിയ ചിന്തകളെ
ഊതിക്കാച്ചിയെടുത്തവൾ
ഇരുൾ മൂടിയ വീഥിയിൽ
ജ്വാലാമുഖിയായവൾ
ചിത്ത ശുദ്ധിയില്ലാത്ത -
വിമർശകർക്കിടയിൽ
എന്നിലെ ചിന്തയെ
ജീവിപ്പിച്ചവൾ
ഏകാന്ത പഥികനായ്
ഉറക്കെ ചിരിക്കുവാൻ
പതുക്കെകരയുവാൻ
തീരാനോവുകൾ പങ്കു
വയ്ക്കുവാൻ
നിൻ സ്നേഹമാണ് സഖി
ബന്ധങ്ങളേക്കാൾ
ബന്ധുമിത്രങ്ങളേക്കാൾ വലുത്..

# കടംകഥകൾ

a) ഞെട്ടില്ല വട്ടയില ?

b) കാളകിടക്കും കയറോടും ?

c) മുറ്റത്തെ ചെപ്പിനടപ്പില്ല ?

d) ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാ നിക്കും കുതിര ?

e) ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ് ?

f) അമ്മ കറുമ്പി മകൾ വെളുമ്പി മകളുടെ മകൾ അതിസുന്ദരി ?

g) കിലുകിലുക്കം കിക്കിലുക്കം ഉത്തരത്തിൽ ചത്തിരിക്കും ?

h) അമ്മെകുത്തി മകൻ മരിച്ചു ?

i) ആനകേറാമല ആട് കേറാമല ആയിരം കാന്താരി പൂത്തിറങ്ങി ?

j) **ഉത്തരങ്ങൾ**

**a)** **പപ്പടം**

**b)** **മത്തങ്ങ**

**c)** **കിണർ**

**d)** **ചെരുപ്പ്**

**e)** **ചൂൽ**

**f)** **വെള്ളിലവള്ളി**

**g)** **താക്കോൽ**

**h)** **തീപ്പെട്ടി**

**i)** **നക്ഷത്രം**



# നവകേരള നിർമിതി

നവകേരള നിർമിതിയിൽ കുട്ടികളുടെ പങ്ക് വളരെ വലുതാണ്. എങ്ങനെയാണ് കേരളത്തിന്റെ പുനർനിമ്മാണം വേണ്ടത് . നവകേരളം എങ്ങനെയായിരിക്കണം എന്ന് കേരളത്തിലെ എല്ലാവർക്കും സ്വപ്നങ്ങൾ ഉണ്ട്. അതു പോലെ ഞങ്ങൾ കുരുന്നുകൾക്കും സ്വപ്നങ്ങൾ ഉണ്ട് . സമാനതകൾ ഇല്ലാത്ത പ്രളയം ഏൽപ്പിച്ചദുരന്തത്തിന്റെ ഞെട്ടലിലാണ് നാം. ഈ കഴിഞ്ഞ ആഗസ്റ്റ് മൂന്നാം വാരത്തിൽ ഉണ്ടായ പ്രളയം 1924 ന് ശേഷം ഉണ്ടായ ഏറ്റവും തീവ്രമായ പ്രളയമായിരുന്നു എന്ന് നിരീക്ഷണങ്ങൾ കാണിക്കുന്നു. പ്രളയം ഉണ്ടാകാൻ കാരണം കേരളത്തിലെ ജനങ്ങളുടെ സ്വഭാവ സവിശേഷതകൾ കൊണ്ടോ, ജീവിത ശൈലി കൊണ്ടോ,പരിസ്ഥിതിയുടെ മേൽ ആഘാതം ഏൽപ്പിക്കുന്നത് കൊണ്ടോ ആകണമെന്നില്ല. വേറെയും കാരണങ്ങൾ ഉണ്ടാകാം. എന്നാൽ പ്രളയത്തെ ഒരു ദുരന്തമാക്കി മാറ്റിയതിൽ കേരളത്തിന്റെ വികസനത്തിൽ വലിയ പങ്കുണ്ട് എന്ന് പറയാതിരിക്കാൻ കഴിയില്ല. പരിസ്ഥിതിയെ മാറ്റി മറിച്ചുകൊണ്ട് നാം നടത്തിയ നിർമാണ പ്രവർത്തനങ്ങൾ പലതും ഈ പ്രളയത്തിന്റെ കാര്യത്തിൽ ഒന്നായി മാറിയിട്ടുണ്ട്.

“മലയിങ്ങനെ ഉരുൾപൊട്ടുമ്പോൾ
മലനാടങ്ങനെ നിലനിൽക്കും "

മറുപാതി തുറന്നുവരുന്നൊരു
ജെ. സി . ബി ക്കത് പറയാമോ"

വയൽനികത്തിയും കുന്നുകൾ ഇടിച്ചുനികത്തിയും നാം നടത്തിയ വികസനം ഇനി നമുക്ക് വേണ്ട. പ്രളയംനമുക്ക് വലിയ നാശനഷ്ടമാണ് വിതച്ചത്. 483 മനുഷ്യജീവൻ നഷ്ടപ്പെട്ടു. കേരളീയരുടെ ഒരുമയോടുള്ള രക്ഷാപ്രവ ത്തനത്തിലൂടെ വീണ്ടും ലോകത്തിന് മാതൃകയാവാൻ നമുക്ക് കഴിഞ്ഞു. ഈ ഘട്ടത്തിലാണ് നമ്മുടെ സർക്കാർ പുതിയ കേരളം സൃഷ്ടിക്കുകയാണ് എന്ന് നമ്മോട് പ്രഖ്യാപിച്ചത്.അതായത് നിലവിലുള്ള കേരളത്തിൽ എന്തെല്ലാം പോരായ്മകൾ ഉണ്ടോ അതെല്ലാം പരിഹരിച്ച് ഒരു പുതിയ കേരളം സൃഷ്ടിക്കുക എന്നർത്ഥം . നവകേരളത്തിൽ എന്തെല്ലാം വേണമെന്നും എന്തെല്ലാം വേണ്ടെന്നും നാം കുട്ടികൾ തീരുമാനിക്കേണ്ടതുണ്ട്.**നവകേരളം എങ്ങനെയായിരിക്കണം** എന്ന് എല്ലാവരും ആലോചിക്കുന്നതോടൊപ്പം നാം കുട്ടികളും ആലോചിക്കേണ്ടതുണ്ട്. നാം കുട്ടികളുടെ ആശയം നവകേരള നിർമിതിയിൽ വലിയ മുന്നേറ്റം ഉണ്ടാകാൻ സഹായിക്കുന്നതാണ്. നവകേരളനിർമിതിയിൽ കുട്ടികളുടെ കാഴ്ചപ്പാട് എങ്ങനെയാണന്നറിയാൻ വേണ്ടി സർക്കാർ പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളം പുനർനിർമ്മിക്കാൻ വേണ്ടിയുള്ള ശ്രമത്തിൽ ആണ് നാം മലയാളികൾ. നമ്മുടെ എല്ലാവരുടെയും മനസ്സ് ഈ പ്രധാന പ്രക്രിയയിലാണ് . ഈ അർത്ഥത്തിൽകേരളത്തിലെ 45 ലക്ഷം കുട്ടികൾ എങ്ങനെ ചിന്തിക്കുന്നു എന്നറിയാൻ വേണ്ടിയാണ് ചില നടപടികൾ വിദ്യാഭ്യാസ വകുപ്പ് ആവിഷ് കരിച്ചത് .നവകേരളം പദ്ധതി ഇത്തരത്തിൽ ആവിഷ്കരിക്കപ്പെട്ടുമ്പോൾ ഒരോ ക്ലാസ്സിലും, ഓരോ കുട്ടിയും അവരുടെ ഭാവന രൂപപ്പെടുത്തണം.നവകേരളനിർമിതിയിൽ ചില ദൗത്യങ്ങൾനേടിയെടുക്കാൻ വേണ്ടി സർക്കാർ ചില നടപടികൾ ആവിഷ്കരിച്ചു. അവയിൽ ഒന്നാണ് ഹരിതകേരളം. ജലവിഭവ സംരക്ഷണവും മാലിന്യസംസ്കരണവും ജൈവ പച്ചക്കറി കൃഷിയും കോർത്തിണക്കി രൂപകൽപ്പനചെയ്ത പദ്ധതിയാണ് മാലിന്യസംസ്കരണം , ജലസമൃദ്ധി, കാ ർഷികവികസനം എന്നിവ ഇണങ്ങിക്കൊണ്ട് ഹരിതകേരളമിഷൻ പ്രവർത്തിക്കുക. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക വഴി വിഷമയമല്ലാത്ത

പച്ചക്കറികളും മറ്റും ഉൽപാദിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. നമ്മുടെ പരിസ്ഥിതി ശുചീകരണത്തിനും സംരക്ഷണത്തിനും .കാർഷികോൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനുമുള്ള മിഷനാണ് "ഹരിതകേരളം"
മികച്ച ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമായ ആരോഗ്യരംഗത്ത് സർക്കാർസേവനങ്ങൾ ജനസൗഹൃദമാക്കാനാണ് ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് ആശുപത്രിക്കും രോഗിക്കും ഒരുപോലെ തൃപ്തികരമല്ലാത്ത സംവിധാനം മാറ്റം വരുത്തുകയാണ് ആരോഗ്യവകുപ്പ് ആർദ്രം പദ്ധതിയുടെലക്ഷ്യം. ഉയർന്ന ജീവിതസൗകര്യവും ജീവനോപാധിയും ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ്. വിവിധ ജന വിഭാഗങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുത്തും വ്യത്യസ്ത പദ്ധതികളിലെ മാനദണ്ഡങ്ങൾ ഏകീകരിച്ചും ഒരു പൊതുസംവിധാനത്തിലൂടെ വീടില്ലാത്തവർക്ക് വീടുകൾ നൽകുന്ന പദ്ധതിയാണ് ലൈഫ്. കുട്ടികളുടെ കഴിവുക്കളെ അടിസ്ഥാനമാക്കി പഠനരീതി ഉടച്ചു വാർക്കുന്ന സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയാണിത് .ഒന്ന് മുതൽ പന്ത്രയണ്ടാം ക്ലാസ് എണ്ണം ചുരുങ്ങിയ പശ്ചാത്തലത്തിൽ കുട്ടികളെ മുഖ്യധാര പൊതുവിദ്യാലയങ്ങളിലേയ്ക്ക് തിരികെ കൊണ്ടു വരുന്നതിനും അവർക്ക് നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാകുന്നതിനുള്ള യജ്ഞങ്ങളാണ് വിദ്യാഭ്യാസ മിഷൻ ലക്ഷ്യമിടുന്നത്.

നവകേരള നിർമാണം ഉപന്യാസം
നാജിയ നജിം (Std.IX)

# സൈബർ സുരക്ഷയെക്കുറിച്ച് അറിയൂ......


*സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ അപകടകാരികളാകുന്നതെപ്പോൾ?

- ഒരാളുടെ സ്വകാര്യവിവരങ്ങളെല്ലാം പോസ്റ്റ് ചെയ്യുകയോ ഷെയർ ചെയ്യുകയോ ചെയ്യുംമ്പോൾ;പ്രത്യേകിച്ച് ഫോൺ നമ്പർ, അഡ്രസ്, സ്ഥലം, ഫോട്ടോകൾ തുടങ്ങിയവ.
- ഒരാളുടെ പ്രൊഫൈൽ കണ്ട് അയാളെ വിശ്വസിക്കുമ്പോൾ;മിക്കപ്പോഴും നൽകിയിട്ടുള്ള പ്രൊഫൈൽ വ്യാജവും അസത്യവുമായിരിക്കും.
- ചാറ്റിന്റെ സ്നാപ്ഷോട്ടുകൾ,ഫോട്ടോകൾ,വീഡിയോകൾ എന്നിവ സേവ് ചെയ്യുന്നതും ഭാവിയിൽ അത് ബ്ലാക് മെയി ലിംഗിനും ഭീഷണിക്കും ഉപയോഗിക്കുമ്പോൾ.
- ഒരാളുടെ വ്യക്തിത്വം കളങ്കപ്പെടുത്താനുദ്ദേശിച്ച് തെറ്റായ വിവരങ്ങൾ, കമന്റുകൾ, പോസ്റ്റുകൾ,ഫോട്ടോകൾ എന്നിവയിലൂടെ സൈബർഭീഷണി ഉയർത്തുമ്പോൾ.
- കുട്ടികളെ വലയിലാക്കി ഇരകളാക്കുന്നതിന് മുതിർന്നവരും കഴുകൻകണ്ണുള്ളവരുമായ നിരവധി പേർ സമൂഹത്തിലുണ്ട്.

*സുരക്ഷിതമായ സോഷ്യൽ നെറ്റ് വർക്കിംഗിനുള്ള നിർദേശങ്ങൾ

- നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ വ്യക്തിപരമായി സൂക്ഷിക്കുക.
- നിങ്ങളുടെ Private Settings,Customize ചെയ്യുക മറ്റുള്ളവർക്ക് നിങ്ങളുടെ Basic Info മാത്രം കാണാൻ അവസരം നൽകുക.
- നിങ്ങളുടെ സുഹൃത്തുക്കളെ അറിയുക എന്നതിൽ മാത്രം ചുരുക്കുക.ഓൺലൈൻ സുഹൃത്തുക്കളെ വിശ്വസിക്കരുത്.സന്ദർശനം മാത്രമായി ചുരുക്കുക.
- നിങ്ങൾക്ക് ഇഷ്ടമില്ലാത്ത പോസ്റ്റുകൾ കണ്ടാൽ അത്തരം

പോസ്റ്റുകൾ ലഭിക്കുന്നതിലുള്ള അതൃപ്തി നിങ്ങളുടെ സുഹൃത്തിനോട് തുറന്നു പറയുക. 15




# ആകാശഗംഗ

സൗരയൂഥം എന്നാൽ ഭൂമി ഉൾപ്പെടുന്ന താരാപഥമാണ് ആകാശഗംഗ . ഇതിനെ ക്ഷീരപദം എന്നും വിശേഷിപ്പിക്കാറുണ്ട് . ആകാശഗംഗക്ക് പരന്ന തളികയുടെ രൂപമാണ് താരാപഥത്തിൻെറ മദ്ധ്യഭാഗത്തുനിന്നും സർപ്പിളാകൃതിയിൽ നാല് കരങ്ങൾ താരാപഥകേന്ദ്രത്തെ ചുറ്റിസ്ഥിതി ചെയ്യുന്നു . ദണ്ഡിൻെറ ആകൃതിയിലുള്ള കേന്ദ്രഭാഗത്തെ ചുറ്റി നക്ഷത്ര വാതകങ്ങൾ നക്ഷത്രാന്തരീയധൂളികൾ മുതലായ പദാർഥങ്ങളെ കൊണ്ടുള്ള സർപ്പിളാകൃതിയിലുള്ള നാല് കൈകൾ സ്ഥിതിചെയ്യുന്നു. ഈ ഭാഗത്തിൻെറ ഭൂരിഭാഗവും തമോദ്രവ്യമാണ് .മഹാവിസ് ഫോടനത്തിനു ശേഷമുണ്ടായ സാന്ദ്രതകൂടുതലുള്ള പ്രദേശങ്ങളൊന്നിലാണ് ആകാശഗംഗ ഉത്ഭവിച്ചത് . ആദ്യ നക്ഷത്രങ്ങളുണ്ടായി ഏതാനും ബില്യൺ വർഷങ്ങൾക്കുള്ളിൽ സ്വന്തം അച്ചുതണ്ടിൽ വേഗത്തിൽ ഭ്രമണം ചെയ്യാനുള്ള പിണ്ഡം ആകാശഗംഗയ് ക്കുണ്ടായി ഇതുമൂലമാണ് ഇപ്പോഴുള്ള ഡിസ്ക് ആകൃതി രൂപപ്പെട്ടത് . പിന്നീടുള്ള നക്ഷത്രങ്ങൾ [സൂര്യനുൾപ്പെടെ]ഈഡിസ് ക്കിലാണ് രൂപപ്പെട്ടത് .




## മഴ

മഴയൊരു ഗീതമാകുന്നുവോ
എൻ മനമൊരു മയിലായ് ആടുന്നുവോ
നീളുന്ന ചെമ്മൺ പാതകളിൽ
മഴനീരു നഴയുന്ന നാഗത്തെപോൽ ദൂരെ
മഴനീരു നഴയുന്ന നാഗത്തെപോൽ

## ബാല്യം

**ഓർക്കുന്നുഞാൻ എന്റെബാല്യകാലം**
**ഓർമകൾമങ്ങാത്ത നാട്യങ്ങളില്ലാത്ത**
**നാമജപത്തിൻെറ ശാന്തതയും**
**ഓർക്കുന്നുഞാൻ എന്റെബാല്യകാലം**
**എൻ മനസ്സിന്റെ കോണിലായി**
എന്നും തെളിയുന്ന ഓർമ്മമാത്രം

# ലഹരി - ആരോഗ്യപ്രശ്നങ്ങൾ



ലഹരി ഉപയോഗിക്കുന്നവരിൽ സാഹസികമായ പെരുമാറ്റങ്ങൾക്കുള്ള താല്പര്യം കൂടും. ലഹരി ഉപയോഗിക്കുന്നത് അത് ഉപയോഗിക്കുന്നായൾക്കു മാത്രമല്ല ദോഷമുണ്ടാക്കുന്നത് കുടുംബത്തിനും,സമൂഹത്തിനും സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നു.

പുകയില ഉൽപ്പന്നങ്ങ

സിഗററ്റ്,ബീഡി, ചുരുട്ട്, ഉഡ്ക എന്നീ പുകയില ഉൽപ്പനങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് കുറെ ദൂഷ്യഫലങ്ങളുണ്ട് തലച്ചോറിലേക്കും,ഹൃദയത്തിലേക്കുമുള്ള രക്തക്കുഴലുകൾ ചുരുങ്ങുന്നു.ശ്വാസം കിട്ടാതെവരുക നിരന്തരമുള്ള ചുമ,ന്യുമോണിയ, ശ്വാസകോശ അണുബാധ, അന്നനാളം , പാൻക്രിയാസ് എന്നിവിടങ്ങളിലെക്യാൻസറിന് കാരണമാകുന്നു

18

# മദ്യം

ബീയർ, ബ്രാണ്ടി, വിസ്കി, വോഡ്ക,റം, ചാരായം,കള്ള് എന്നിവ സ്ഥിരമായി ഉപയോഗിക്കുന്ന ഒരു വ്യക്തിക്ക് ഗുരുതരമായ ലക്ഷണങ്ങൾ ഉണ്ടാകുന്നു. ആമാശയം,പാൻക്രിയാസ് എന്നിവയുടെ വീക്കം,കരൾ വീക്കം,ഉയർന്ന രക്ത സമ്മർദ്ദം,ദഹനേന്ദ്രിയ വ്യവസ്ഥയിലെ ക്യാൻസർ,ഹൃദ്രോഗങ്ങൾ എന്നിവയുണ്ടാക്കുന്ന്

"ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കാൻ കൂട്ടുകാർ നിർബന്ധിക്കുകയാണെങ്കിൽ അതിൽ നിങ്ങൾക്കു താല്പര്യം ഇല്ലായെങ്കിൽ 'നോ' എന്ന് പറയണം.അപ്പോൾ നല്ല കൂട്ടുകാർ ആണെങ്കിൽ നിങ്ങൾക്ക് ഇഷ്ടമില്ലാത്തത് ചെയ്യാൻ നിങ്ങളെ ഒരിക്കലും നിർബന്ധിക്കുകയില്ല .'നോ'എന്നുപറയുന്നതുകൊണ്ട് നിങ്ങൾ ശാരീരികമായി ആക്രമിക്കപ്പെടുമെന്നു തോന്നിയാൽ മറ്റുള്ളവരുടെ സഹായം തേടാൻ മടിക്കരുത്.

# പഴഞ്ചൊല്ലുകൾ

1.അകത്തിട്ടാൽ പുറത്തറിയും

2.അകത്തെ അറിവ് മുഖത്തറിയാം

3 അക്കരെ ശാന്തി ഇക്കരെ സമുദായം

4.അത്തം പത്തോണം

5.അങ്ങോട്ടുള്ളതേ ഇങ്ങോട്ടു കിട്ടൂ

6.ആടിന് തൊട്ടാവാടി ചക്കര

7.ഓടാൻ കഴിവില്ലാത്തവൻ ചാടാൻ പോകരുത്

8.കയ്യുള്ളവൻ കാര്യക്കാരൻ

9.കരയ്ക്കുമില്ല വെള്ളത്തിലുമില്ല

10.കലങ്ങിയവെള്ളത്തിൽ മീൻപിടിക്കരുത്

11.കടം വീട്ടിയാൽ ധനം

12.കടം കൊടുത്ത് പടി മുടക്കുക

13.അങ്ങുമിങ്ങു പോയാൽ എങ്ങുമെത്താം

14.അന്യന്റെ കണ്ണിലെ കരടുനോക്കരുത്

15.ആകൃതിപോലെ പ്രകൃതി

16.ഒന്ന് പറഞ്ഞാൽ നാല് പറയുക

17.കപ്പലിൽ തന്നെ കള്ളൻ

# പ്രകൃതി

പ്രകൃതിയിലെ ജൈവികവും അജൈവികവുമായ എല്ലാ ഘടകങ്ങളും ചേർന്നതാണ് പരിസ്ഥിതി. മനുഷ്യൻ മാത്രമല്ല കാലാവസ്ഥ, ഭൂപ്രകൃതി, മണ്ണ്, ജലം, കൃഷി, സസ്യജന്തുജാലങ്ങൾ, സൂക്ഷ്മജീവികൾ എന്നിവയും ചേർന്നതാണ് പ്രകൃതി.

മനുഷ്യൻ പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നു. ഉദാഹരണത്തിന് മനുഷ്യൻ ജലം,ആഹാരം,പാർപ്പിടം എന്നിവയെല്ലാം പ്രകൃതിയെയാണ് ആശ്രയിക്കുന്നത് എന്നാൽ മനുഷ്യൻ ഇതെല്ലാം അറിഞ്ഞിട്ടും പ്രകൃതിയെ ദ്രോഹിക്കുന്നു.വ്യവസായങ്ങൾക്കും പാർപ്പിടങ്ങൾക്കുമായി മരങ്ങൾ മുറിച്ചും, കുന്നിടിച്ചും, വയൽനികത്തിയും പ്രകൃതിയെ ഉപദ്രവിക്കുന്നു.

ഭൂമിയിലെ നിരവധി ജീവജാലങ്ങളിൽ ഒന്നു മാത്രമാണ് മനുഷ്യൻ.നിലനിൽപ്പിനായി മറ്റു ജീവജാലങ്ങളെ ഇത്രയേറെ ആശ്രയിക്കുന്ന ജീവി ഭൂമുഖത്തില്ല പ്രകൃതി മനുഷ്യന്റെ നിലനിൽപ്പിനായി വായു, ജലം, മണ്ണ് എന്നിവ പ്രധാനം ചെയ്യുന്നു. തന്റെ നിലനിൽപ്പിനെ മുന്നിൽ കണ്ടുകൊണ്ട് മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന ഇടപെടലുകൾ വിപരീത ഫലമാണ് ഉണ്ടാകുന്നത്. മനുഷ്യരാശിയെ മാത്രമല്ല സകല ജീവജാലങ്ങളെയും ഇവ ബാധിക്കും. ഇതിന്റെ ഫലമായി ഉണ്ടാകുന്നതാണ് പ്രകൃതി ദുരന്തങ്ങൾ-വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് ഭൂകമ്പം, ഉരുൾപ്പൊട്ടൽ മുതലായവ ഇത്തരം പ്രകൃതിദുരന്തങ്ങളിൽ ചിലവയാണ്. ചാഞ്ഞുനിൽക്കുന്ന തെങ്ങിൻതലപ്പുകൾ, കായൽ, പച്ചപ്പ്, മലകൾ എന്നിവയെല്ലാം ചേർന്നതാണ് കേരളത്തിലെ പ്രകൃതി. ചിലപ്പോൾ ഇത് രൗദ്രഭാവമാകാറുണ്ട്. അതിന് ഉദാഹരണമാണ് 2018-19 ലെ


വെള്ളപ്പൊക്കവും, ഉരുൾപൊട്ടലും അതിൽ പെട്ട് മരണം മടഞ്ഞവർ എത്രപേ ർ. പൊതുവെ 20 ഡിഗ്രിയിൽ കൂടുതൽ ചരിവുള്ള ഇടങ്ങളാണ് ഉരുൾപ്പൊട്ടൽ സാധ്യതയുള്ളതായി ഭൂമിശാസ്ത്ര പഠനകേന്ദ്രം കണ്ടെത്തിയിട്ടുള്ളത്. വനനശീകരണം, കുന്നിൻചരിവുകളിൽ നാം നടത്തുന്ന അശാസ്ത്രീയമായ പ്രവർത്തനങ്ങൾ എന്നിവ ചരിവുകളെ ദുർബലമാക്കുന്നവയാണ്. പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കുട്ടികൾക്കും അതിൽ പങ്കെടുക്കാവുന്നതാണ്. വീടിന്റെയോ സ്കൂളിന്റെയോ സമിപത്ത് ദുരന്തം സംഭവിച്ചാൽ രക്ഷാപ്രവർത്തനത്തിന് കുട്ടികൾക്കും പങ്കെടുക്കാം. മുതിർന്നവരെ രക്ഷാപ്രവർത്തനത്തിന് സഹായിക്കാം. പ്രകൃതിദുരന്തങ്ങൾ ഉണ്ടാകാതിരിക്കാൻ കുട്ടികൾക്ക് ചെയ്യാൻ കഴിയുന്ന ചില പ്രവർത്തനങ്ങളാണ് പ്രകൃതിദുരന്തങ്ങളെക്കുറിച്ച് നോട്ടീസുകൾ, ലഘുലേഖകൾ എന്നിവ പൊതു ഇടങ്ങളിൽ പ്രദർശിപ്പിക്കുക. ശാസ്ത്രിയമായ ഭൂവിനിയോഗരിതികൾ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. നാം പ്രകൃതിയെ ദ്രോഹിച്ചാൽ അതിന്റെ ഫലം നമുക്കുതന്നെ ലഭിക്കും. ഇനി വരുന്ന തലമുറയും അത് പിൻതുടരും. നാം പ്രകൃതിയെ ദ്രോഹിക്കാതിരുന്നാൽ ഇനി വരാനിരിക്കുന്ന തലമുറകൾക്കും പ്രകൃതിയിലെ ഹരിതഭംഗി ആസ്വദിക്കാൻ സാധിക്കും.

22

# മഹത് വചനം

- എൻെറ ജീവിതമാണ് എൻെറ സന്ദേശം - മഹാത്മാഗാന്ധി
- ഉറങ്ങുമ്പോൾകാണുന്നതല്ല സ്വപ്നം ഉറങ്ങാൻ അനുവദിക്കാത്തതാണ് - ബി.ആർ. അംബേദ്കർ
- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് - ശ്രീനാരായണ ഗുരു
- അണക്കെട്ടുകൾ ഇന്ത്യയുടെ വികസനത്തിന്റെ മഹാക്ഷേത്രങ്ങളാണ് - ജവഹർലാൽ നെഹ്റു
- നീതി അന്ധമാണ്.അതിന് പരിചയക്കാരില്ല - ഡ്രൈഡൺ
- നിയമങ്ങൾ പാവങ്ങളെ മർദ്ദിക്കുന്നു .
  ധനികർ നിയമങ്ങളെ നിയന്ത്രിക്കുന്നു - ഗോൾഡ് സ്മിത്ത്
- ശൈശവത്തിലെ ഹൃദയം നഷ്ടപ്പെടുത്തവരാണ് മഹാൻമാർ – മെൻസിയൂസ്
- രാജ്യം നിങ്ങൾക്ക് എന്തുചെയ്തു എന്നല്ല നിങ്ങൾ രാജ്യത്തിന് എന്തു ചെയ്യുന്നു എന്നാണ് ചിന്തിക്കേണ്ടത് - ജോൺ കെന്നടി
- വിജയം തെറ്റുകൾക്കു തിരശീലയിടുന്നു -ഡെ സ്തനീസ്
- ജീവിതത്തിന്റയും വെളിച്ചത്തിന്റെയും ഉറവിടമാണ് ഈശ്വരൻ - മഹാത്മാഗാന്ധി
- നിങ്ങളുടെ ഉള്ളിലുള്ള ശബ്ദം എന്താണോ പറയുന്നത് അതാണ് സത്യം - മഹാത്മാഗാന്ധി
- പുസ്തകമില്ലാത്ത മുറി ആത്മാവില്ലാത്ത ശരീരം പോലെയാണ് - ലാറ്റിൻ പഴമൊഴി
- വിദ്യാഭ്യാസം ഒരു നാണയമാണ്.
  അതിൽ ഒരുവശം പ്രവർത്തിയെയും മറുവശം ജ്ഞാനത്തെയും കാണിക്കുന്നു - ടാഗോർ

# വൈദ്യുതി ഉപയോഗിക്കുമ്പോൾ



.നനഞ്ഞ കൈവിരൽ ഉപയോഗിച്ച സ്വിച്ചുകൾ പ്രവർത്തിപ്പിക്കരുത്

.ടേബിൾ ഫാൻ ഉപയോഗിച്ച് തലമുടി ഉണക്കരുത്

.പൊട്ടികിടക്കുന്ന വൈദ്യുതി കമ്പിയിൽ സ്പർശിക്കരുത്

.വൈദ്യുതിലൈനുകൾക്ക് സമീപം പട്ടം പറത്തരുത്

.താൽക്കാലിക വയറിങ്ങുകൾക്കായി പ്ലാസ്റ്റിക് വയറുകൾ ഉപയോഗിക്കരുത്

.ഷോക്കുമൂലം അപകടം പറ്റിയ വ്യക്തിയെ വൈദ്യുതി ബന്ധം വിച്ഛേദിച്ചശേഷം മാത്രമേ സ്പർശിക്കാവൂ

.ഐ.എസ്.ഐ മുദ്രയുള്ള വൈദ്യുതി ഉപകരണങ്ങൾ മാത്രം ഉപയോഗിക്കുക

.ഇലക്ട്രിക് ഉപകരണങ്ങത്തിലോ സമീപത്തോ തീപിടിത്തമുണ്ടായാൽ മെയിൻസ്വിച്ച് ഓഫാക്കാൻ ശ്രദ്ധിക്കുക

.വൈദ്യുതിലൈനുകൾക്കു സമീപം ലോഹകുഴലുകളോ ഇരുമ്പുതോട്ടികളോ അശ്രദ്ധയോടെ ഉപയോഗിക്കരുത്

**.ഇലക്ട്രിക് പോസ്റ്റിലോ സ്റ്റേ വയറിലോ ചാരിനിൽക്കരുത്**

# വിദ്യാധനം സർവ്വധനാൽ പ്രധാനം

ലോകത്തിലെ ഏറ്റവും മികച്ച ധനം വിദ്യയാണ്. മറ്റുള്ള ധനങ്ങൾ കള്ളന്മാർ അപഹരിച്ചെന്നു വരാം . ആ ധനത്തിന് നമ്മൾ മനുഷ്യന്മാർ സർക്കാരിന് നികുതി കൊടുക്കണം. ഈ വക ധനങ്ങൾ ചെലവാക്കുന്തോറും കുറഞ്ഞുവരുന്നു. എന്നാൽ അറിവാകുന്ന ധനം ആർക്കും അപഹരിക്കാൻ സാധിക്കില്ല. അത് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുന്തോറും കൂടിവരുന്നു. അതിന്ആർക്കും നികുതി നൽകേണ്ട.

വിദ്യാർത്ഥികൾ ഏകാഗ്രമായ മനസ്സോടെ വിദ്യ നേടുവാൻ ശ്രമിക്കണം. പഴയ കാലത്ത് വിദ്യാഭ്യാസത്തിന് ഇന്നത്തെപ്പോലെയുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. പണ്ട് കാലത്ത് ഗുരുകുല വിദ്യാഭ്യാസമായിരുന്നു ഉണ്ടായിരുന്നത്. ഈ വിദ്യാഭ്യാസത്തിൽ ഗുരുവിന്റെ കൂടെ വീട്ടിൽ താമസിച്ചാണ് പഠിക്കുന്നത്. ഇന്ന് എല്ലായിടത്തും സ്കൂളുണ്ട്. പഠിപ്പിക്കാൻ അധ്യാപകരുണ്ട്. പഠിക്കാൻ ധാരാളം പുസ്തകൾ ലഭിക്കുന്നു. ഈ സാധ്യതകളെ വിദ്യാർത്ഥികൾ പരമാവധി പ്രയോജനപ്പെടുത്തണം എന്നുമാത്രം.

ചെറുപ്പത്തിലെ ശീലം ഒരിക്കലും മറക്കില്ല. പുസ്തകവായന ചെറുപ്പം മുതൽക്കുതന്നെ ശീലീക്കണം . മഹാന്മാരായ പല

വ്യക്തികളും ചെറുപ്പം മുതൽ തന്നെ ഗ്രന്ഥങ്ങൾ വായിച്ചുവന്നവരാണ്

25

"വായിച്ചാലും വളരും

വായിച്ചിലെങ്കിൽ വളയും "

വിദ്യ കൈവശമുള്ളവർ എവിടെയും ആദരിക്കപ്പെടും. മറ്റുള്ള സമ്പത്തിനേക്കാൾ ഏറെ മാന്യത വിദ്യാഭ്യാസത്തിനാണ്. വിദ്യാഭ്യാസം എന്നത് അമൃതാണ്. വിദ്യാഭ്യാസം ഇല്ലാത്തവർ മൃഗങ്ങൾക്ക് തുല്യരാണ്. വിദ്യാഭ്യാസം ഉള്ളതിനാൽ ലോകത്തിൻെറ ഏത് കോണിൽ ചെന്നാലും സുഖകരമായി ജീവിക്കാൻ സാധിക്കും വിദ്യ നമ്മുടെ ബുദ്ധി ഉണർത്തുന്നു. നമ്മുടെ മനസ്സിന് ഉന്മേഷം പകരുന്നു. നമ്മുടെ പേര് ലോകമെങ്ങും അറിയുന്നതിന് സഹായിക്കുന്നു. വിദ്യ ഉള്ളവന് മനസ്സുഖവും വിവേകവും കൈവരിക്കാൻ സാധിക്കുന്നു.വിദ്യ എന്ന ധനം മറ്റ് ഏത് സമ്പത്തിനേക്കാളും വലുതാണ്.

# നന്ദി




shutterstock.com • 250713148